**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2902** **17.10.2016-** ൽ മറുപടിയ്ക്കായി

**വനിതാ പ്രൊട്ടക്ഷൻ ഓഫീസർ**

ചോദ്യം

**ഡോ. എം.കെ.മുനീർ**

ഉത്തരം

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | സാമൂഹ്യ നീതി വകുപ്പിലെ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയുടെ നിയമന രീതി എങ്ങനെയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) സാമൂഹ്യ നീതി വകുപ്പിൽ 10 വർഷം സേവനകാലാവധി പൂർത്തിയാക്കിയ സൈക്കോളജി, സോഷ്യൽ വർക്ക് അല്ലെങ്കിൽ സോഷ്യോളജിയിലുള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ അംഗീകൃത സർവകലാശാലയിൽ നിന്നുള്ള നിയമബിരുദം ഉള്ള ഫീഡർ കാറ്റഗറിയിൽ ഉൾപ്പെട്ട അംഗീകൃത പ്രൊബേഷണർമാരായ ജീവനക്കാരുടെ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നൽകുവാൻ വിശേഷാൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അർഹരായ ജീവനക്കാരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം നൽകുവാനും വിശേഷാൽ ചട്ടപ്രകാരം നിഷ്കർഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച വകുപ്പിലെ വിശേഷാൽ ചട്ട ഭേദഗതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | വകുപ്പിലെ വനിതാ ജീവനക്കാർക്ക് വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലെ നിയമനത്തിന് മുൻഗണന ഉണ്ടോയെന്ന് അറിയിക്കുമോ; | (ബി) ഉണ്ട്. |
| (സി) | എങ്കിൽ നിലവിലുള്ള വനിതാ ജീവനക്കാർക്ക് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) ടി തസ്തികയിൽ നിയമനം ലഭിക്കുവാൻ അർഹതയുള്ള ഏതൊക്കെ വിഭാഗം ജീവനക്കാരെയാണ് ഫീഡർ ക്യാറ്റഗറിയിൽ ഉൾപ്പെടുത്തേണ്ടത് എന്നത് സംബന്ധിച്ച വിവരം വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടാ- |

| | | |
|---|---|---|
| | | തിരുന്നതിനാലാണ് ഒഴിവുള്ള തസ്തികകളിൽ നിയമനം നൽകുവാൻ കഴിയാതിരുന്നത്. ഫീഡർ കാറ്റഗറിയിൽ ഏതൊക്കെ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തണം എന്ന കാര്യം പരിശോധിച്ച് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ